**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3580** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | RPWD ആക്റ്റ് 2016 പ്രകാരം എല്ലാ ജില്ലകളിലും താലൂക്ക്/ ജില്ലാ ആശുപത്രികളിൽ മെഡിക്കൽ ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട് . പ്രസ്തുത മെഡിക്കൽ ബോർഡുകൾ മുഖാന്തിരം സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട് |
| (സി) | ബ്ലോക്ക് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ച് UDID കാർഡുകൾ നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5.5.2021-ലെ എസ്.ഒ 1736 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 1.6.2021 മുതൽ UDID പോർട്ടലിലൂടെ ഓൺലൈനായി മാത്രമേ ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ പഞ്ചായത്ത് / ബ്ലോക്ക് തലത്തിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവമുള്ളതിനാൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട് |

സെക്ഷൻ ഓഫീസർ